സി.പി(3) 2330/2020

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി: 30.4.2020
വെബ് സൈറ്റ്-www.cooperation.kerala.gov.in
ടെലിഫോൺ-0471-2330726/2331891

# സർക്കുലർ നമ്പർ: 32/2020

വിഷയം: സഹകരണ വകുപ്പ്- കോവിഡ് 19 മായി ബന്ധപ്പെട്ട് ടൂറിസം മേഖലയ്ക്കായുള്ള പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുന്നത് - മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന മേഖലയാണ് ടൂറിസം. കോവിഡ് 19 പശ്ചാത്തലത്തിൽ ടൂറിസം മേഖലയ്ക്ക് അടിയന്തിര ആശ്വാസം എന്ന നിലയിൽ അതാത് പ്രദേശങ്ങളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി വായ്പാ പദ്ധതിയുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു

## ഗുണഭോക്താക്കൾ

ടൂറിസം മേഖലയിലെ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോം സ്റ്റേയ്സ്, ടൂർ ഓപ്പറേറ്റർമാർ, കരകൗശലമേഖലയിലെ കച്ചവടസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥർക്ക് ആശ്വാസമായി സ്ഥാപനങ്ങളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനും, അത്യാവശ്യ കാര്യങ്ങൾ നിറവേറ്റുന്നതിനുമായി താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം അതാത് പ്രദേശങ്ങളിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകാവുന്നതാണ്.

## 1. സ്വർണ്ണപണയ വായ്പ.

(a) **വായ്പാ തുക** - പണയ ഉരുപ്പടിയുടെ കമ്പോളവിലയുടെ 75 % പരമാവധി 1,00,000/- രൂപ വരെ,

(b) **കാലാവധി** - പരമാവധി ഒരു വർഷം

(c) **പലിശ നിരക്ക്** - 7%. (എന്നാൽ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് 7%-ൽ കുറഞ്ഞ പലിശയിൽ നൽകുന്നത് സംഘത്തിന് തീരുമാനിക്കാവുന്നതാണ് ).

- നിലവിലുള്ള വായ്പാകുടിശ്ശികൾ ഈ വായ്പാ വിതരണത്തിന് കണക്കാക്കേണ്ടതില്ല.

- ടി വായ്പകൾക്ക് IMBP ബാധകമല്ല

- അപ്രൈസൽ ചാർജ്ജോ, മറ്റ് ഒരു തരത്തിലുള്ള ചാർജ്ജോ ഈടാക്കുന്നതല്ല.

- ടി കാലാവധിക്കുള്ളിൽ വായ്പ തിരികെ അടക്കാത്തപക്ഷം നിലവിലുള്ള സാധാരണ സ്വർണ്ണപണയവായ്പയുടെ വ്യവസ്ഥകളിലെ പലിശ നിരക്ക് ബാധകമാക്കാവുന്നതാണ്.

## 2. സാധാരണ വായ്പ

പരസ്പര ജാമ്യ വ്യവസ്ഥയിലോ വസ്തു ജാമ്യത്തിന്മേലോ സാധാരണ വായ്പ അതാത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വ്യവസ്ഥകൾക്ക് വിധേയമായി നൽകാവുന്നതാണ്.

1) **പലിശനിരക്ക്** – 7 ശതമാനം (സംഘത്തിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പലിശ നിരക്കിൽ കുറവ് വരുത്തുന്നത് ഭരണസമിതിയ്ക്ക് നിശ്ചയിക്കാവുന്നതാണ് ).

2) **പരമാവധി തുക** – 1 ലക്ഷം രൂപ

3) **കാലാവധി** – 24 മാസം (ആദ്യ മൂന്ന് മാസം മോറട്ടോറിയം കഴിഞ്ഞ് തുടർന്നുള്ള 21 മാസങ്ങൾ കൊണ്ട് പൂർണ്ണമായും തിരിച്ചടയ്ക്കേണ്ടതാണ് ).

4) **ജാമ്യവ്യവസ്ഥകൾ** – പരസ്പര ജാമ്യമോ വസ്തു ജാമ്യമോ

5) കളക്ഷൻ ഏജന്റുമാർ മുഖേന കളക്റ്റ് ചെയ്യുന്ന ഇത്തരം വായ്പകളിലെ കമ്മീഷൻ വായ്പക്കാർ തന്നെ വഹിക്കേണ്ടതാണ്.

**ഒപ്പ്**
**അലക്സാണ്ടർ.എ ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്**

1) ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ് (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, ടൂറിസം വകുപ്പ് (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

4) സഹകരണ ആഡിറ്റ് ഡയറക്ടർ
5) സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
6) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
7) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
8) എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹരണ സംഘങ്ങൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)
9) സ്റ്റോക്ക് ഫയൽ/സ്പെയർ
10) വെബ് സൈറ്റ്
11) സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)